## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.T*327 — 14.3.2017 ൽ മറുപടിക്ക്

## ഹരിത കേരളം മിഷൻ പദ്ധതി

| | | | |
|---|---|---|---|
| ശ്രീ.സി.കെ.നാണു<br>ശ്രീ. കെ. കൃഷ്ണൻകുട്ടി<br>ശ്രീ. കെ.ബി.ഗണേഷ് കുമാർ<br>ശ്രീ. കോവൂർ കുഞ്ഞുമോൻ | | മറുപടി<br><br>ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| എ) | ഹരിത കേരളം മിഷൻ പദ്ധതി നടപ്പിലാക്കുന്നതിന് ഏതൊക്കെ വകുപ്പുകളുടെ കൂട്ടായ പ്രവർത്തനമാണ് സർക്കാർ ഉദ്ദേശിക്കുന്നത്; | എ) | കൃഷി, ജലവിഭവം, തദ്ദേശസ്വയംഭരണം, ടൂറിസം, വനം, വിദ്യാഭ്യാസം,ആരോഗ്യം, ആസൂത്രണ സാമ്പത്തികകാര്യം എന്നീ വകുപ്പുകളുടെ കൂട്ടായ പ്രവർത്തനം വഴി യാണ് ഹരിതകേരളം മിഷൻ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേ ശിക്കുന്നത്. |
| ബി) | ഇതിലേക്കായി വിവിധ വകുപ്പുകളുടെ പ്രവർത്തന ങ്ങൾ ഏകീകരിക്കാനും പ്രവർത്തനങ്ങൾ സമഗ്ര മായും സമയബന്ധിതമായും മുന്നോട്ട് കൊണ്ടുപോകാനും മന്ത്രി തലത്തിലും സെക്രട്ടറി തലത്തിലും ജില്ലാ - ബ്ലോക്ക് - ഗ്രാമ പഞ്ചായത്ത് തല ങ്ങളിലും ഏതൊക്കെ കമ്മിറ്റികളാണ് സർക്കാർ രൂപീകരിച്ചിട്ടുള്ളത്; | ബി) | വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് സമയബന്ധിതമായി മുന്നോട്ടു കൊണ്ടു പോകുവാൻ മുഖ്യമന്ത്രി യുടെ അധ്യക്ഷതയിൽ ഹരിത കേരളം മിഷനും, ചീഫ് സെക്രട്ടറിയുടെ അധ്യക്ഷ തയിൽ വിവിധ വകുപ്പ് സെക്രട്ടറിമാരെ ഉൾപ്പെടുത്തി എംപവേർഡ് കമ്മിറ്റിയും സംസ്ഥാന തലത്തിൽ പ്രവർത്തിച്ചുവരുന്നു.<br>ജില്ലാ, ബ്ളോക്ക്, നഗരസഭ, ഗ്രാമ പഞ്ചായത്ത് തലങ്ങളിൽ ഒരു ഏകീകൃത മിഷൻ സംവിധാനവും, ഓരോ തലത്തിലും ശുചിത്വം, കൃഷി, ജലവിഭവം എന്നീ മൂന്ന് മേഖലകളിൽ കർമ്മ സേനകളും ഫല പ്രദമായി പ്രവർത്തിച്ച് ഏകോപനം സാധ്യമാക്കുന്നു. |

| | | | |
|---|---|---|---|
| സി) | ഇതിനായി വിവിധ തലങ്ങളിൽ കർമ്മ പദ്ധതികൾ രൂപീകരിച്ചിട്ടുണ്ടോ; ഈ പ്രവർത്തനങ്ങൾ എങ്ങനെ മുന്നോട്ട് കൊണ്ടുപോകാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ? | സി) | ഉണ്ട്. പരിപൂർണ്ണ ജനപങ്കാളിത്തം ഉറപ്പു വരുത്തുന്നതിന് വിവിധ തലത്തിലുള്ള മിഷനുകളുടെ പ്രവർത്തനങ്ങളിൽ എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും, സാമൂഹ്യ സന്നദ്ധ സംഘടനകളുടെയും, പൊതു ജനങ്ങളുടെയും സഹകരണം ഉറപ്പാക്കുന്നുണ്ട്. നിലവിലുള്ള ജനകീയാസൂത്രണ സംവിധാനത്തിൽ മിഷനുകൾ സംയോജിപ്പിച്ച് ഫലപ്രാപ്തി കൈവരിക്കുന്നതിന് ലക്ഷ്യമിടുന്നു. |

സെക്ഷൻ ഓഫീസർ